## എട്ടാം സമ്മേളന നടപടികളുടെ സംക്ഷിപ്ത വിവരണം

2023 ജനുവരി 23-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തോടെ ആരംഭിച്ച പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 21 ദിവസത്തെ സിറ്റിംഗ് പൂർത്തിയാക്കി ഇന്നവസാനിക്കുകയാണ്. പ്രധാനമായും 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പാസ്സാക്കുന്നതിനായി ചേർന്ന ഈ സമ്മേളനത്തിൽ ഫെബ്രുവരി 1, 2 തീയതികളിൽ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയും ഫെബ്രുവരി 3-ാം തീയതി ബജറ്റ് അവതരണവും നടന്നു. ഫെബ്രുവരി 6 മുതൽ 8 വരെയുള്ള തീയതികളിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടന്നു. തുടർന്ന് ഫെബ്രുവരി 13 മുതൽ രണ്ടാഴ്ച വിവിധ സബ്ജക്ട് കമ്മിറ്റികൾ യോഗം ചേർന്ന് ധനാഭ്യർത്ഥനകൾ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു.

കേരളനിയമസഭയുടെ ചരിത്രത്തിൽ ഇത് ഒമ്പതാം തവണയാണ് ഫുൾ ബജറ്റ് പാസ്സാക്കുന്നത് എന്ന സവിശേഷതകൂടി ഈ സമ്മേളനത്തിനുണ്ട്. ഇതിനുമുൻപ് 2020 -ലാണ് ഫുൾ ബജറ്റ് പാസ്സായത്.

2023 ഫെബ്രുവരി 28-ാം തീയതി മുതൽ ഇന്നുവരെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടന്നു. ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ ഈ സമ്മേളനത്തിൽ സഭ ആകെ 8 ബില്ലുകൾ പാസ്സാക്കി. സഭ പാസ്സാക്കിയ പ്രധാന ബില്ലുകളിൽ ദി കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) അമെന്റ്മെന്റ് ബിൽ, 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ എന്നിവ ഉൾപ്പെടുന്നു.

ഈ സമ്മേളനകാലയളവിൽ അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങൾക്കായി 2023 മാർച്ച് 3, 17 തീയതികളിലായി രണ്ടുദിവസം വിനിയോഗിച്ചു.

ഈ സമ്മേളനത്തിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 7600 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. 570 എണ്ണം നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 6888 എണ്ണം നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി.

വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 2 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

ഈ സമ്മേളനകാലത്ത് ചട്ടം 50 പ്രകാരമുള്ള 14 നോട്ടീസുകൾ സഭ മുമ്പാകെ വന്നിട്ടുണ്ട്.

സമ്മേളനത്തിൽ ആകെ 32 ശ്രദ്ധക്ഷണിക്കലുകളും 149 സബ്മിഷനുകളും സഭാതലത്തിൽ ഉന്നയിക്കപ്പെട്ടു. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം മാർച്ച് 15-ാം തീയതി സഭയിൽ ഒരു പ്രസ്താവന നടത്തുകയുണ്ടായി.

എട്ടാം സമ്മേളനകാലത്താകെ 384 രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും വിവിധ നിയമസഭാ സമിതികളുടേതായ 57 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സഭയുടെ എട്ടാം സമ്മേളന നടപടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, വിവിധ

കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണത്തിന് എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. സമ്മേളനം വിജയിപ്പിക്കാനാവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലേയും വിവിധ വകുപ്പുതലങ്ങളിലേയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു. എല്ലാപേർക്കും ഹൃദ്യമായ വിഷു-റംസാൻ ആശംസകൾ നേരുന്നു.

ഓർഡർ.......ഓർഡർ........ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ 15-ാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2023 മാർച്ച് മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.27-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*********